1. ഇ.ബി. XIII-കേരള നിയമസഭ/XI-15

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 27, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) തെരുവുനായ ശല്യം**

ശ്രീ. പി. കെ. ബഷീർ: സംസ്ഥാനത്ത് ജനജീവിതത്തെ സാരമായി ബാധിക്കുന്ന തെരുവുനായശല്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. തെരുവുനായശല്യം നിമിത്തം സാധാരണജനങ്ങളുടെ സ്വൈര്യജീവിതം ദുസ്സഹമായിരിക്കുകയാണ്. തെരുവുനായ്ക്കൾ വീടുകളിൽ കയറി

പിഞ്ചുകുഞ്ഞുങ്ങൾ, സ്കൂൾ കുട്ടികൾ തുടങ്ങി സകലരേയും ആക്രമിക്കുന്ന നിരവധി സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2013 വർഷത്തിൽ 11 പേർ പേവിഷ ബാധയേറ്റ് മരണപ്പെടുകയും നിരവധി ആളുകൾ ആക്രമിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമത്തിലെ അപാകത പരിഹരിക്കാനും കോടതി വിധിയെ മറികടക്കാനും കഴിയുന്ന വിധത്തിലുള്ള നിയമനിർമ്മാണം നടത്തുന്നതിനും ഉചിതവും പ്രായോഗികവുമായ സമീപനം സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം. പേബാധിച്ച നായ്ക്കളെ കൊല്ലുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി):</u> സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന തെരുവുനായ്ക്കളുടെ കടിയേറ്റ് കഴിഞ്ഞ വർഷം നിരവധി ആളുകൾ ചികിത്സ തേടുകയും പത്ത് കോടി രൂപ സർക്കാർ ചെലവഴിക്കുകയുമുണ്ടായി. അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) ഡോഗ് റൂൾസ് പ്രകാരം പ്രത്യേക പരിശീലനം ലഭിച്ച ആളുകളെ ഉപയോഗിച്ച് തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനും പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും വ്യവസ്ഥയുണ്ട്. തിരുവനന്തപുരം

കോർപ്പറേഷൻ പത്ത് വെറ്ററിനറി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് വന്ധ്യംകരണ നിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും മറ്റ് കോർപ്പറേഷനുകൾ നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരികയുമാണ്. തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് 'സുരക്ഷ ' എന്ന പദ്ധതി ആവിഷ്കരിച്ച് നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുകയും സന്നദ്ധസംഘടനകളുടെ സഹായത്തോടെ ആയിരത്തിലധികം നായ്ക്കളെ വിഴിഞ്ഞം, കോവളം, തിരുവല്ലം മേഖലയിൽ വന്ധ്യംകരണത്തിന് വിധേയമാക്കുകയും ചെയ്തു. സത്യസായി ഓർഫനേജ് ട്രസ്റ്റ് ജില്ലയിലെ തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനും ആവശ്യമായ പരിചരണം നൽകി തിരികെ കൊണ്ടുവിടുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പദ്ധതി സംബന്ധിച്ച് ചർച്ച നടത്തി വരികയാണ്. തെരുവുനായ്ക്കളെ കൊല്ലുന്നത് തടഞ്ഞുകൊണ്ടുള്ള സുപ്രീം കോടതിയുടെ 2009-ലെ ഇടക്കാലവിധി നിലനിൽക്കുകയാണ്. സംസ്ഥാന സർക്കാർ കക്ഷിചേർന്ന പ്രസ്തുത കേസിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആൾപാർപ്പില്ലാത്ത പ്രദേശത്ത് പ്രത്യേക വേലികെട്ടി മതിയായ സൗകര്യങ്ങളോടെ ഭക്ഷണവും പരിപാലനവും നൽകി സംരക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി

വനം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. ആനിമൽ വെൽഫെയർ ബോർഡ്, എസ്.പി.സി.എ. എന്നിവയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പേവിഷബാധയുള്ള നായ്ക്കളേയും മാരക രോഗം ബാധിച്ചവയേയും മതിയായ സർട്ടിഫിക്കേഷനോടെ ദയാവധം നടത്താനും മറ്റുള്ളവയെ വന്ധ്യംകരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വനം വകുപ്പുമായി ചേർന്ന് നായ്ക്കളെ പാർപ്പിക്കാനുള്ള ഭൂമി വിട്ടുനൽകുന്നതിനുള്ള പ്രൊപ്പോസൽ ഗൗരവമായി പരിഗണിക്കുന്നതാണ്.

## (2) ലൈബ്രറി കൗൺസിൽ പിരിച്ചുവിടൽ

ശ്രീ. ബാബു എം. പാലിശ്ശേരി: കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെ ജനകീയത മറ്റ് സംസ്ഥാനങ്ങളുടേതിൽനിന്ന് വ്യത്യസ്തവും ലോകത്തുതന്നെ സമാനതകളില്ലാത്തതുമാണ്. മാറിമാറി വന്ന സംസ്ഥാന ഗവൺമെന്റുകൾ ഈ പ്രസ്ഥാനത്തെ ഊട്ടിവളർത്തുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് നിലവിലുള്ള ഗ്രന്ഥശാലാ കമ്മിറ്റിക്കെതിരായ നിലപാടുകൾ സ്വീകരിക്കുകയും സംസ്ഥാന

കൗൺസിൽ പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുകയുമാണ്. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകപോലും ഗ്രന്ഥശാലകൾക്ക് നൽകാനോ ലൈബ്രേറിയൻ അലവൻസ് നൽകാനോ കഴിഞ്ഞിട്ടില്ല. സാമൂഹിക-സാംസ്കാരിക -സാഹിത്യ നായകൻമാരിൽനിന്നും പ്രസാധകരിൽനിന്നും പ്രതിഷേധം ഉയർന്നുവന്ന സാഹചര്യത്തിലാണ് തുക നൽകാൻ തയ്യാറായത്. ഇന്ത്യയിൽ നിലനിന്നിരുന്ന ജാതീയതയും അനാചാരവും പാവപ്പെട്ടവനേയും പിന്നോക്കവിഭാഗക്കാരേയും അക്ഷരങ്ങളുടെ ലോകത്തുനിന്ന് അകറ്റിനിറുത്തുകയും വിദ്യാഭ്യാസം സവർണ്ണർക്കുമാത്രമായി നിലനിറുത്തുകയുംചെയ്ത സാഹചര്യത്തിൽ ബ്രിട്ടീഷുകാർ പുരോഗമനപരമായ മാറ്റങ്ങൾ വരുത്തിയെങ്കിലും കേരളത്തിൽ ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വന്നതിനുശേഷമാണ് സമഗ്രമായ വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ച് സാധാരണക്കാരന് വിദ്യാഭ്യാസം പ്രാപ്തമാക്കിയത്. ആശയങ്ങളുടേയും അറിവിന്റേയും കരുത്ത് പ്രദാനം ചെയ്തതിൽ ഗ്രന്ഥശാല പ്രസ്ഥാനങ്ങൾക്കുള്ള പങ്ക് വിസ്മരിക്കാൻ കഴിയില്ല. മാറിമാറി വന്ന ഗവൺമെന്റുകൾ ഈ പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുന്നതിനായി ശ്രമിക്കുകയും ഗ്രാന്റ്

കുട്ടിക്കൊടുക്കുകയും ചെയ്തു. സംസ്ഥാനത്ത് ഒരിടത്തും ലൈബ്രറി കൗൺസിലിനെതിരെ യാതൊരുവിധത്തിലുള്ള ആക്ഷേപവും വന്നിട്ടില്ലാത്ത സാഹചര്യത്തിൽ സ്വയംഭരണ ജനാധിപത്യ പ്രസ്ഥാനമായ ലൈബ്രറി കൗൺസിലിനെ പിരിച്ചുവിടാനുള്ള നീക്കം ഉപേക്ഷിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർക്കാരിന്റെ ഗ്രാന്റും സെസ്സും വാങ്ങി പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നിയമാനുസൃതമായ സർക്കാർ തീരുമാനങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ തീരുമാനം റദ്ദാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുകയോ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയോ ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് സമയപരിധിക്കുള്ളിൽ മറുപടി നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ ലൈബ്രറി കൗൺസിലിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 2013-14 വർഷത്തെ ഗ്രാന്റ് തടഞ്ഞുവയ്ക്കുകയും ചെയ്തു. കൗൺസിൽ താൽക്കാലിക മറുപടി നൽകിയ സാഹചര്യത്തിൽ തടഞ്ഞുവച്ച ഗ്രാന്റ് അനുവദിക്കുകയുണ്ടായി. സർക്കാരിനെതിരെ കൗൺസിൽ ഹൈക്കോടതിയിൽ

ഫയൽ ചെയ്ത കേസിന്മേൽ സർക്കാരിനനുകൂലമായ വിധി വന്നതിനുശേഷവും ലൈബ്രറി കൗൺസിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെയും ഹൈക്കോടതി ഉത്തരവിനെയും ഓഡിറ്റ് റിപ്പോർട്ടുകളെയും അംഗീകരിക്കാതെയും നിയമവ്യവസ്ഥയെ വെല്ലുവിളിക്കുകയാണ് ചെയ്തിരിക്കുന്നത്. സർക്കാർ തീരുമാനത്തിന് വിധേയമായി മുന്നോട്ടുപോകാൻ തയ്യാറാകുന്നില്ലെങ്കിൽ ലൈബ്രറി കൗൺസിലിനെതിരെ നിയമം അനുശാസിക്കുന്ന തരത്തിൽ ശക്തമായ നടപടികളെടുക്കുന്നതാണ്.

## പ്രത്യേക പരാമർശം

## പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): കോട്ടൺഹിൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ സ്ഥലംമാറ്റം സംബന്ധിച്ച് കഴിഞ്ഞ ദിവസം ചട്ടം 303 അനുസരിച്ച് ഉന്നയിച്ച പ്രശ്നം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിരുന്നു. വിദ്യാഭ്യാസ വകുപ്പ് അദ്ധ്യാപകരോട് ശത്രുക്കളോടെന്നപോലെയാണ് പെരുമാറുന്നത്. പട്ടികജാതിക്കാരിയും രോഗിയുമായ പ്രധാന അദ്ധ്യാപികയുടെ സ്ഥലംമാറ്റം റദ്ദാക്കണമെന്ന് അപേക്ഷിക്കുകയാണ്. പതിനഞ്ച് ദിവസത്തിനുള്ളിൽ

വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടിട്ട് മൂന്ന് ദിവസത്തിനുള്ളിൽ സ്ഥലംമാറ്റിയിരിക്കുന്നത് സ്വാഭാവിക നീതിയുടെ നിഷേധമാണ്. അർത്ഥശൂന്യമായ പിടിവാശിയും പ്രതികാര ബുദ്ധിയും ഉപേക്ഷിച്ചുകൊണ്ട് സന്മനോഭാവത്തോടുകൂടി പ്രസ്തുത വിഷയം വീക്ഷിക്കുന്നതിന് മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുൻകൈയെടുക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി):</u> സ്ഥലം മാറ്റിയ അദ്ധ്യാപികയ്ക്ക് പരാതി ഉണ്ടെങ്കിൽ അപ്പീൽ കൊടുക്കുന്ന അവസരത്തിൽ പരിഗണിക്കാമെന്ന് പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നു. അച്ചടക്ക നടപടിയെടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ മറുപടി തരുന്നതിനുവേണ്ടിയാണ് പതിനഞ്ച് ദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നോട്ടീസ് കൊടുത്തത്. ഭരണപരമായ നടപടിയുടെ ഭാഗമായാണ് എല്ലാ നടപടിക്രമങ്ങളും പാലിച്ച് കോട്ടൺഹിൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയെ സ്ഥലംമാറ്റിയിരിക്കുന്നത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്ന് മുദ്രാവാക്യം മുഴക്കി പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടിരുന്നു.)

## സബ്മിഷൻ

### (1) കരിയാട് വളവ് നേരെയാക്കൽ

ശ്രീ. അൻവർ സാദത്ത്: എൻ.എച്ച്. 47-ൽ ആലുവയ്ക്കും അങ്കമാലിക്കു മിടയിലുള്ള കരിയാട് വളവ് ശാസ്ത്രീയമായി നേരെയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൻ.എച്ച്. 47-ൽ ആലുവയ്ക്കും അങ്കമാലിക്കുമിടയിലുള്ള കരിയാട് വളവ് നേരെയാക്കുന്നതിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട ബാദ്ധ്യത സംബന്ധിച്ചും ഏറ്റെടുക്കേണ്ട ഭൂമിയുടെ വിസ്തൃതി സംബന്ധിച്ചും ദേശീയപാത വികസന അതോറിറ്റിയിൽനിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

### (2) എയിംസിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജലം, വൈദ്യുതി, റോഡ് സൗകര്യം എന്നിവ ലഭ്യമായ 200 ഏക്കർ വിസ്തൃതിയുള്ള സ്ഥലങ്ങൾ

നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ കത്ത് ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് വിവിധ ജില്ലകളിൽനിന്നും ലഭിച്ച ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

## (3) കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ വിപുലീകരണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂരിലെ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാഡമി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ നിലവിലുള്ള കോഴ്സുകൾക്കു പുറമേ നിലവാരവും സൗകര്യങ്ങളും വർദ്ധിപ്പിച്ച് ഇൻഡ്യയിലെയും വിദേശ രാജ്യങ്ങളിലെയും തൊഴിൽ സാദ്ധ്യതയുള്ള ഫയർ ആന്റ് റെസ്ക്യൂവുമായി ബന്ധപ്പെട്ട സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾകൂടി ആരംഭിക്കുന്നതിനും അക്കാഡമിയെ നാഷണൽ ഫയർ സർവ്വീസിന്റെ റീജിയണൽ സെന്റർ ആക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

## (4) സി.എച്ച്.സി.യുടെ അടിസ്ഥാന സൗകര്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കൊച്ചി നിയോജമണ്ഡലത്തിലെ കുമ്പളങ്ങി സി.എച്ച്.സി.യിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കുമ്പളങ്ങി സി.എച്ച്.സി.യിൽ അസിസ്റ്റന്റ് സർജന്റെ മൂന്ന് തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(പ്രധാനാദ്ധ്യാപികയുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലിരുന്ന് മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരിക്കവേ ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും ചെയ്തു)

## (5) ജനറൽ ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കൽ

ശ്രീ. എം. ഉമ്മർ: മഞ്ചേരി ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജായി ഉയർത്തിയതിനാൽ ചെരണിയിലേയ്ക്ക് ജനറൽ ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റിയതുമായി

ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് മഞ്ചേരി ചെരണിയിലെ ടി.ബി. സെന്റർ വളപ്പിൽ ജനറൽ ആശുപത്രിക്കുവേണ്ടി സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ രണ്ട് ആശുപത്രികൾ ഒരു വളപ്പിൽ പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾക്കും ഭരണ നിർവ്വഹണത്തിനുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ജനറൽ ആശുപത്രി സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

### (2) 2014-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം

ശ്രീ. എൻ. ഷംസുദ്ദീൻ: 2014-ലെ കേരള പോലീസ് (ഭേദഗതി) ബില്ലിന്റെ

അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിനെ തത്വത്തിൽ അംഗീകരിക്കുന്നു. കേസന്വേഷണം ഉറപ്പുവരുത്തുന്നതിന് ക്രമസമാധാനപാലനവും കുറ്റാന്വേഷണവും ഒരു ഉത്തരവ് മുഖേന 2014 ഡിസംബർ 31-ന് മുമ്പ് വേർതിരിക്കണമെന്നുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കണമെന്നുതന്നെയാണ് ഗവൺമെന്റ് നിലപാട്. പരീക്ഷണാടിസ്ഥാനത്തിൽ ഇത് കാസർഗോഡ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നു. വിജയകരമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നിയമം നടപ്പാക്കാനുള്ള നടപടി സ്വീകരിച്ച സാഹചര്യത്തിൽ പ്രത്യേക ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: എട്ട് വകുപ്പുകൾക്കാണ് ഭേദഗതി ഉന്നയിക്കുന്നത്. പോലിസ് ആക്ടിൽ കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതാവശ്യമാണ്. നിലവിലുള്ള നിയമത്തിൽ 'പോലീസിൽ നിന്ന് അന്വേഷണ ചുമതലയുള്ള പോലീസിനെ വേർതിരിക്കാവുന്നതാണ് ' എന്നാണ്. ഇതിന് മാൻഡേറ്ററി സ്വഭാവമില്ലാത്തതിനാൽ പോലീസിനെ വേർതിരിക്കണമെന്ന കർശനമായ സ്വഭാവത്തിലേയ്ക്ക് മാറ്റണം. 31-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ പറയുന്നത്

'സംസ്ഥാന പോലീസ് മേധാവിയുടെ അനുമതിയില്ലാതെ കസ്റ്റഡിയിലുള്ള വ്യക്തികളെ പ്രദർശിപ്പിക്കുവാനോ പത്ര സമ്മേളനം നടത്താനോ പാടില്ല 'എന്നാണ്. ഇങ്ങനെ ചെയ്താൽ എന്താണ് ശിക്ഷ എന്നുപറയുന്നില്ല. ഈ ഉപവകുപ്പിന്റെ ലംഘനം ആയിരം രൂപ പിഴയോ മൂന്നുമാസത്തെ തടവോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്ന കുറ്റമായിരിക്കും എന്നുകൂടി പറയണം. 86-ാം വകുപ്പിൽ 'കീഴ്ക്കോടതി കുറ്റക്കാരനാണെന്ന് കണ്ട ഒരു പോലീസ് ഉദ്യോഗസ്ഥനെതിരായ വിധി മേൽക്കോടതി അസ്ഥിരപ്പെടുത്താത്തിടത്തോളംകാലം സസ്പെൻഷനിൽ നിലനിൽക്കണം' എന്ന ഭേദഗതി ചേർക്കണം. 110-ാം വകുപ്പിൽ 'ജില്ലാ അതോറിറ്റിയിൽ നിലവിലുള്ള അംഗങ്ങൾക്കുപുറമേ ജനപ്രതിനിധി എന്ന നിലയ്ക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിൽ നിന്നുള്ളതും ഇരുപത് വർഷത്തെ സേവനപരിചയമുള്ളതുമായ ഒരു അഭിഭാഷകനും ഉണ്ടായിരിക്കണം' എന്ന ഭേദഗതി ചേർക്കണം. 113-ാം വകുപ്പിൽ 'ഈ ആക്ടിലെ 115-ാം വകുപ്പിൽ പറയുന്ന കുറ്റകൃത്യത്തിൽ ഉൾപ്പെടുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കാര്യത്തിൽ ഈ വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ പറയുന്ന വ്യവസ്ഥ ബാധകമല്ലാത്തതാകുന്നു' എന്ന ഭേദഗതി ചേർക്കണം. 118-ാം വകുപ്പിൽ (ജെ) എന്ന ഒരു ഖണ്ഡം കൂടി ചേർത്തതിനുശേഷം '500 ഗ്രാമിലധികം തൂക്കം വരുന്ന ലഹരി പദാർത്ഥങ്ങളോ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഹാനികരമായ

വസ്തുക്കളോ പദാർത്ഥങ്ങളോ സ്കൂൾ പരിസരത്ത് സംഭരിച്ചിരിക്കുന്ന സാഹചര്യത്തിൽ അത് കൈവശം വച്ചിരിക്കുന്ന ആളെയോ സൂക്ഷിച്ചിരിക്കുന്ന സ്ഥാപന ഉടമയെയോ കുറ്റസ്ഥാപനത്തിനുമേൽ അഞ്ച് വർഷംവരെയാകാവുന്ന തടവോ അമ്പതിനായിരം രൂപ പിഴയോ ഇവ രണ്ടും കൂടി നൽകി ശിക്ഷിക്കണം' എന്ന ഭേദഗതി ചേർക്കണം.

(ചർച്ച തുടരും)

## (3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച

### (i) 2012-ലെ കേരള സംസ്ഥാന അൺ-എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബിൽ

ശ്രീ. എം. പി. വിൻസെന്റ്: വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്തുന്ന നിയമനിർമ്മാണങ്ങൾ നടത്തുന്നതിന് സഭയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസരംഗം വൻ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. അൺ-എയ്ഡഡ് സ്കൂളുകളുടെയും അവിടെ പഠിക്കുന്ന കുട്ടികളുടെയും എണ്ണം കൂടിവരികയാണെങ്കിലും പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് തുച്ഛമായ ശമ്പളവും ആനുകൂല്യങ്ങളുമാണ് നൽകുന്നത്. അദ്ധ്യാപകർ പഠിപ്പിക്കുന്നത് സി.സി. ടി.വി.യിലൂടെ നിരീക്ഷിച്ച് മാനേജ്മെന്റുകൾ മോശമായ പരാമർശങ്ങൾ നടത്തുന്ന സാഹചര്യങ്ങളാണ് നിലനിൽക്കുന്നത്. അൺ-എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായി സർക്കാർ ചർച്ചയ്ക്ക് തയ്യാറാകണം. അൺ-എയ്ഡഡ്

സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള നിബന്ധനകളുടെ കൂട്ടത്തിൽ അദ്ധ്യാപകരുടെ യോഗ്യത, വേതനം എന്നീ വ്യവസ്ഥകളും ഉൾപ്പെടുത്തണം. അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെ തൊഴിൽ ചൂഷണങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനും മാന്യമായ ജീവിതസാഹചര്യം ഉറപ്പുവരുത്തുന്നതിനും ഈ ക്ഷേമനിധി ബിൽ നിയമമായി വരേണ്ടതുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധിയുടെ കാര്യം അതിനുശേഷം മാത്രമേ പരിഗണിക്കാൻ കഴിയൂ.

ബിൽ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

(ചർച്ച അവസാനിച്ചു.)

## (ii) 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബിൽ

ശ്രീ. പി. കെ. ബഷീർ: ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യത്തിന്റെയും ഭക്ഷണത്തിന്റെ ഗുണനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോട്ടലുകളെ തരംതിരിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ഹോട്ടലുകളിലെ ഭക്ഷണത്തിന് ഗുണമേന്മയും ശുചിത്വവുമുള്ള

അന്തരീക്ഷവും ഉറപ്പുവരുത്തുന്നതിനും ഹോട്ടലുകളിൽ പരിശോധനകൾ നടത്തുന്നതിനും കാറ്ററിംഗ് സർവ്വീസുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സംവിധാനമുണ്ടാക്കുന്നതോടൊപ്പം ജനങ്ങൾക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയും വേണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കേരളീയ സമൂഹത്തിൽ രോഗങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം ഗുണനിലവാരമില്ലാത്ത ആഹാര സാധനങ്ങളുടെ ഉപയോഗമാണ്. ഹോട്ടലുകളുടെയും കാറ്ററിംഗ് സ്ഥാപനങ്ങളുടെയും ചൂഷണം ഒഴിവാക്കി ഏകീകൃത നിരക്കിൽ ജനങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിനാൽ ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

( ബിൽ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

(ചർച്ച അവസാനിച്ചു.)

സഭ രാവിലെ 11.12-ന് പിരിഞ്ഞു.

* * * * * * * * * *